പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3382 19.06.19 ൽ മറുപടിയ്ക്ക്

## വൈദ്യുതി അധിഷ്ഠിതമായ ഗതാഗത സംവിധാനം

| ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.കെ.എം.ഷാജി | | ഉത്തരം<br>ശ്രീ.എ കെ ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ ഉപയോഗിച്ചുവരുന്ന ഇന്ധനങ്ങളുടെ ഉപയോഗം പരമാവധി കുറച്ചുകൊണ്ട് വൈദ്യുതി, സൗരോർജ്ജം എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള ഗതാഗത സംവിധാനം ഒരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | പ്രകൃതി വാതക ഇന്ധനങ്ങളുടെ ഉപയോഗം കുറച്ച് കൊണ്ടുവരുന്നതിനും, അന്തരീക്ഷ മലിനീകരണം നിയന്ത്രണ വിധേയമാക്കുന്നതിനുമായി വൈദ്യുതി, സൗരോർജ്ജം തുടങ്ങിയ പുതിയ ഇന്ധനങ്ങൾ ഉപയോഗിച്ച് ഗതാഗത സംവിധാനം ഒരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | വൈദ്യുതി അധിഷ്ഠിതമായ ഗതാഗത സംവിധാനം ഏർപ്പെടുത്തുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | 10.03.2019 ലെ ജി.ഒ.(എംഎസ്) 24/2019/ട്രാൻ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ഒരു ഇലക്ട്രിക് വാഹന നയം രൂപീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2020 ഓടെ വൈദ്യുതി ഇന്ധനമാക്കി പ്രവർത്തിക്കുന്ന 2 ലക്ഷം ഇരുചക്ര വാഹനങ്ങളും 50,000 മുച്ചക്ര വാഹനങ്ങളും, 1000 ചരക്ക് വാഹനങ്ങളും, 100 ബോട്ടുകളും പുറത്തിറക്കുന്നതിനും 2022 ഓടുകൂടി 10 ലക്ഷം വൈദ്യുത വാഹനങ്ങൾ നിരത്തിലിറക്കുന്നതിനുമാണ് സർക്കാർ ആലോചിക്കുന്നത്. ആദ്യഘട്ടത്തിൽ വാഹനങ്ങൾ വാങ്ങുന്നതിനും തുടർന്ന് വാഹനങ്ങൾ സംസ്ഥാനത്തിനകത്ത് തന്നെ ഉൽപാദിപ്പിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ചില കമ്പനികളുമായി പ്രാരംഭ ചർച്ചകൾ നടന്നു വരുന്നു. വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ വാഹനങ്ങൾക്ക് നികുതിയിളവും ഇൻസന്റീവുകളും നൽകുന്നതിന് വൈദ്യുത വാഹന നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വൈദ്യുത വാഹനങ്ങൾക്കുള്ള ചാർജിംഗ് സ്റ്റേഷനുകളും കേരളത്തിലുടനീളം |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കാനും പദ്ധതി യുണ്ട്. ഇതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനേ യാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനു വേണ്ട വൈദ്യുതി കുറഞ്ഞ നിരക്കിൽ നൽകാമെന്ന് കെ എസ് ഇ ബി അറിയിച്ചിട്ടുണ്ട്. പാരമ്പര്യ ഇന്ധനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ചെലവു കുറഞ്ഞ യാത്രാമാർഗ്ഗ മായി വൈദ്യുത വാഹനങ്ങൾ മാറ്റുന്നതിന് ഇത്തരം ഇളവുകൾ സഹായിക്കും. ഇതിലൂടെ പൊതുജനങ്ങളെ വൈദ്യുത വാഹനങ്ങളിലേക്ക് കൂടുതലായി ആകർഷിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.<br>വൈദ്യുത വാഹനങ്ങൾ പൊതുജനങ്ങൾക്ക് കൂടുതലായി പരിചയപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ഒരു വാഹന എക്സ്പോ "Kerala EV Expo 2019" എന്ന പേരിൽ കൊച്ചിയിൽ വെച്ച് ജൂൺ 29, 30 തീയതികളിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത എക്സ്പോയിൽ ഇന്ത്യക്കകത്തും പുറത്തുമുള്ള വൈദ്യുത വാഹന നിർമ്മാതാക്കളെ ഉൾപ്പെടുത്താനും അവരുടെ ഉൽപന്നങ്ങൾ കേരള വിപണിയിൽ പരിചയപ്പെടുത്താനും ലക്ഷ്യമിടുന്നു. |
| (സി) | ഈ നടപടികൾ മൂലം അന്തരീക്ഷതാപമാനവും വായുമലിനീകരണവും എത്രകണ്ട് കുറയ്ക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | വളരെയധികം അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്ന പാരമ്പര്യ ഇന്ധനങ്ങളുടെ ഉപയോഗം പടിപടിയായി കുറയ്ക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. വൈദ്യുതി അധിഷ്ഠിതമായ ഗതാഗതസംവിധാനത്തിലേക്ക് കൂടുതൽ ആളുകൾ മാറുന്നതോടെ അന്തരീക്ഷതാപമാനവും വായുമലിനീകരണവും ഗണ്യമായി കുറയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ